LIBRARY ARCHIVES Kerala Legislative Assembly

ഭവനനിർമ്മാണ യൂണിറ്റുകൾ

130 (1956) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13-ലെ ബഡ്ജറ്റിൽ ഭവനനിർമ്മാണ വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മണൽ നിർമ്മാണ യൂണിറ്റ്, ഉച്ചവരുമാനക്കാർക്കുള്ള ഫ്ലാറ്റുകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഇവയ്ക്കോരോന്നിനുമായി എത്ര തുക വകയിരുത്തി ; അനുവദിച്ച തുകയും ട്രഷറിയിൽ അവശേഷിക്കുന്ന തുകയും വ്യക്തമാക്കുമോ :

(ബി) മണൽ നിർമ്മാണ യൂണിറ്റിന്റേയും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(സി) ഉച്ച വരുമാനക്കാർക്കായുള്ള എത്ര ഫ്ലാറ്റുകൾ പ്രസ്തുത കാലയളവിൽ നിർമ്മിച്ചിട്ടുണ്ട് ; ഇതിന് അർഹതയുള്ള ഗുണഭോക്താക്കളെത്ര; ഇവരിൽ ഫ്ലാറ്റുകൾ ലഭ്യമാകാത്തവർ എത്ര ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ലെ ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ മണൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തി. എന്നാൽ തുക അനുവദിച്ചിരുന്നില്ല. ഉച്ച വരുമാനക്കാർക്കായുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി 2012-13-ൽ തുക ഒന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ 2012-13-ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 1000 രൂപ വകയിരുത്തിയിരുന്നു. തുക ഒന്നും അനുവദിച്ചിരുന്നില്ല.

വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്കായി 2012-13-ലെ ബഡ്ജറ്റിൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 224.50 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മണൽ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കോഴിക്കോട്, കട്ടപ്പന, മുട്ടം (അഡീഷണൽ ബ്ലോക്ക്) എന്നീ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികളിൽ മുട്ടം (അഡീഷണൽ ബ്ലോക്ക്) ഡബ്ല്യു.ഡബ്ല്യു.എച്ച്. പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(സി) ഉച്ച വരുമാനക്കാർക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി പഞ്ചായത്തുകളിൽനിന്നും അനുയോജ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാനായിട്ടില്ല.